(ജി) അതോറിറ്റിയിൽ നിന്നും അനുമതി നൽകിയിട്ടില്ല. കോർപ്പറേഷനിൽനിന്ന് അനുമതി നൽകിയിട്ടുണ്ടോ എന്ന വിവരം രേഖപ്പെടുത്തിവരുന്നു.

(എച്ച്) കിട്ടിയിടത്തോളം സ്ഥലം കൊണ്ടുതന്നെ റോഡ് പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം—ശാസ്തമംഗലം പുല്ലേക്കോണം ഡ്രെയിനേജ് റോഡിന്റെ ശോച്യാവസ്ഥ

1179 [2143] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, ശാസ്തമംഗലം, പുല്ലേക്കോണം ഡ്രെയിനേജ് റോഡ് ചെളിയും കുഴിയും നിറഞ്ഞ് വളരെ അസൗകര്യം ഉണ്ടാക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡ് മെറ്റൽ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ഈ റോഡ് നിരപ്പാക്കാനെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) നടപടി സ്വീകരിക്കുന്നുണ്ട്.

ഗുരുവായൂർ ഡ്രെയിനേജ് സ്കീം

1180 [2144] ശ്രീ. പി. കെ. കെ. ബാവ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ഡ്രെയിനേജ് സ്കീമിന്റെ പ്രവർത്തനം വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പുനരാരംഭിക്കുന്നതിന് എന്ത് മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത് എത്രയും വേഗം പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണികൾ ടെൻഡർ ചെയ്തുകഴിഞ്ഞു. പദ്ധതി നടത്തിപ്പിന് തടസ്സം നിൽക്കുന്നവരുമായി കൂടിയാലോചിച്ച് തീരുമാനത്തിലെത്താൻ ഡിസ്ട്രിക്ട് കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly